ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട് തന്റെ പ്ലാനിംഗ് ബോർഡ് അംഗത്വം രാജിവച്ചിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ;

(ബി) രാജിക്കുള്ള കാരണമെന്തായിരുന്നു;

(സി) അദ്ദേഹത്തെ വീണ്ടും പ്ലാനിംഗ് ബോർഡ് അംഗമായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ;

(ഡി) പ്രസ്തുത നിയമനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) വ്യക്തിപരമായ കാരണങ്ങളാൽ 31.7.99 അപരാഹ്നം മുതൽ ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട് സംസ്ഥാന പ്ലാനിംഗ് ബോർഡിലെ അംഗമെന്നുള്ള പദവിയിൽനിന്നും തന്നെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ച് 31.7.99 അപരാഹ്നം മുതൽ ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാടിനെ സംസ്ഥാന പ്ലാനിംഗ് ബോർഡിലെ മുഴുവൻ സമയ അംഗമെന്നുള്ള പദവിയിൽനിന്നും ഒഴിവാക്കുകയും, 1.8.99 മുതൽ അദ്ദേഹത്തെ സംസ്ഥാന പ്ലാനിംഗ് ബോർഡിലെ പാർട്ട്ടൈം അംഗമായി നിയമിക്കുകയും ചെയ്തു.

(സി) 1.11.99 മുതൽ ശ്രീ. നമ്പൂതിരിപ്പാടിനെ വീണ്ടും മുഴുവൻ സമയ അംഗമായി നിയമിച്ചു.

(ഡി) ഇല്ല.

40 (1634) എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തൽ അനുവദിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്.എൽ.സി ബുക്കിലെ തിരുത്തലുകൾ അനുവദിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ അസൽ പതിപ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഇന്റർവ്യൂ സമയത്ത് ഉദ്യോഗാർത്ഥികളിൽ നിന്ന് ആവശ്യപ്പെടാറുണ്ടോ;

(ബി) വളരെ വർഷങ്ങൾക്കുമുൻപ് പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ അസൽ പതിപ്പ് നഷ്ടപ്പെട്ടുപോയാൽ ആ ഉദ്യോഗാർത്ഥിക്ക് ജോലി നിഷേധിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് കെ.പി.എസ്.സി. യ്ക്ക് സ്വീകാര്യമാണെങ്കിൽ ആരാണ് സാക്ഷ്യപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കാരണത്താൽ മാത്രം ജോലി നിഷേധിക്കുകയില്ല.

(സി) സ്റ്റേറ്റ് ലൈബ്രേറിയൻ സാക്ഷ്യപ്പെടുത്തി തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ നിന്ന് നൽകിയിട്ടുള്ള ശരിപ്പകർപ്പ് സ്വീകാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly